## പാഠം / Lesson - 6

# യേശുക്രിസ്തുവിന്റെ പരസ്യശുശ്രൂഷ
# PUBLIC MINISTRY OF JESUS CHRIST

**വായനഭാഗം / Scripture Portions**

മത്തായി 15:21; 17:27; 19:1, 2 ലൂക്കൊസ് 17-19 അദ്ധ്യായം, യോഹ. 7-11

Mt. 15:21; 17:27; 19:1, 2 ; Lk. 17-19 Chapters; Jn. 7-11

*മനഃപാഠം / Memory Verse* : **ലൂക്കൊസ് 4:18-19 / Lk. 4:18-19**

"ദരിദ്രന്മാരോടു സുവിശേഷം അറിയിപ്പാൻ കർത്താവു എന്നെ അഭിഷേകം ചെയ്കയാൽ അവന്റെ ആത്മാവു എന്റെ മേൽ ഉണ്ട്. ബദ്ധന്മാർക്ക് വിടുതലും കുരുടന്മാർക്കു കാഴ്ചയും പ്രസംഗിപ്പാനും പീഢിതന്മാരെ വിടുവിച്ചയയപ്പാനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു എന്ന് എഴുതിയിരിക്കുന്ന സ്ഥലം കണ്ടു.'

''The spirit of the Lord is upon me, because he has anointed me to preach good news to the poor. He has sent me to proclaim release to the captives and recovering of sight to the blind, to set at liberty those who are oppressed, to proclaim the acceptable year of the Lord."

**ലക്ഷ്യം :**

മനുഷ്യന്റെ വിടുതലിനു വേണ്ടിയുള്ള ദൈവിക പദ്ധതി എന്ന് തിരിച്ചറിയുക.

**മുഖവുര :**

30 വർഷം നസ്രേത്തിൽ താമസിച്ചശേഷമാണ് യേശു പരസ്യശുശ്രൂഷാ രംഗത്തേക്ക് വരുന്നത്. അടുത്ത 3½ വർഷം യേശു പാലസ്തീനിൽപ്പെട്ട ഗലീല, ശമര്യ, യെഹൂദ്യ, സിറിയ, ദെക്കപ്പൊലീസ് എന്നീ പ്രദേശങ്ങളിൽ സഞ്ചരിച്ച് പരസ്യശുശ്രൂഷ നടത്തി. അക്കാലത്ത് പാലസ്തീൻ റോമൻ

**Objective**:

To understand the plan of God for the deliverance of mankind.

**Introduction:**

Jesus entered into public ministry after his 30 years of stay at Nazareth. He ministered in Palestinian lands including Galilee, Samaria, Judea, Syria and Decapolis. Palestine was

ആധിപത്യത്തിൽ ആയിരുന്നു. മഹാനായ ഹേരോദാവിന്റെ (യേശുവിന്റെ ജനനത്തിനു ശേഷം ബി.സി. 4 ൽ ഹേരോദാവ് മരിച്ചു). പുത്രന്മാരായ അന്തിപ്പാസ് ഗലീലിയ, സിറിയ പ്രദേശവും ഫിലിപ്പ് വടക്കു കിഴക്കുള്ള ഇതുര്യ, ത്രവോനിത്തി പ്രദേശവും റോമൻ ചക്രവർത്തിയ്ക്കു കീഴിൽ ഭരിച്ചുകൊണ്ടിരുന്നത്. യെഹൂദ്യ ശമര്യ പ്രദേശങ്ങൾ റോമൻ ദേശാധിപതികളാണ് ഭരിച്ചുകൊണ്ടിരുന്നത്. യേശുവിനെ ക്രൂശിയ്ക്കുന്നത് അഞ്ചാമത്തെ ദേശാധിപതിയായ പീലാത്തോസായിരുന്നു.

### നാലു ഘട്ടങ്ങൾ

യേശുക്രിസ്തുവിന്റെ പരസ്യ ശുശ്രൂഷ കാലം പ്രസ്തുത കാലയളവിൽ ആചരിക്കപ്പെട്ട നാലു പെസഹ പെരുന്നാളുകളോടനുബന്ധിച്ച് നാലു ഘട്ടങ്ങളായി നിരിക്കാം.

**ഒന്നാംഘട്ടം:** സ്നാനം മുതൽ യോഹന്നാൻ 2:13ൽ പറയുന്ന പെസഹ വരെയുള്ള ഏതാനും മാസങ്ങൾ ഒന്നാം ഘട്ടത്തിൽപെടുന്നു. യോഹന്നാൻ സ്നാപകന്റെ ശിഷ്യന്മാരായിരുന്ന യോഹന്നാനും അന്ത്രയോസും മറ്റു മൂന്നുപേരും യേശുവിനെ അനുഗമിക്കുന്നതും യേശു ചെയ്ത ആദ്യത്തെ അത്ഭുതമായ ഗലീലയിലെ കാനാവിൽ വെച്ച് വെള്ളം വീഞ്ഞാക്കിയതുമാണ് ഈ കാലയളവിലെ പ്രധാന സംഭവങ്ങൾ (യോഹ. 1:35- 2:11).

**രണ്ടാംഘട്ടം :** പരസ്യശുശ്രൂഷ ആരംഭിച്ചതിനുശേഷമുള്ള ആദ്യത്തെ പെസഹായ്ക്ക് യേശു യെരുശലേം ദേവാലയം സന്ദർശിച്ചു. ദേവാലയ ശുദ്ധീകരണം (യോഹ. 2:13-22) ശേഷം യേശു യെഹൂദ്യദേശം വിട്ട് വീണ്ടും ഗലീലയ്ക്ക് പോകുമ്പോൾ യാത്രാമദ്ധ്യേ ശമര്യാക്കാരി സ്ത്രീയുമായി സംസാരിക്കുന്നു (യോഹ. 4:1-42). ഗലീലയിൽ എത്തിയശേഷം യോഹന്നാൻ സ്നാപകൻ തടവിലാക്കപ്പെട്ടതിനെ തുടർന്നാണ് യേശുവിന്റെ പരസ്യശുശ്രൂഷ ശക്തമായി ആരംഭിച്ചത് (മത്താ. 4:12-25; മർക്കൊ. 1:14-20) പന്ത്രണ്ട് അപ്പൊസ്തലന്മാരെ തെരഞ്ഞെടുത്ത് നിയമി

under Roman supremacy. Herod, the great died in 4 B.C. after the birth of Jesus. His son Herod Antipas was the ruler in Galilee and Syria and his brother Philip ruled over Ituraea, which is situated at North east and the regions of Trachonities. The regions of Judea and Samaria were ruled by Roman governors. Pilot was the fifth governor during the time of Jesus' crucifixion.

### FOUR PHASES

Jesus' public ministry can be divided into four phases according to the feast of Passover, which was conducted in different four times.

#### 1. First Phase

It covers Jesus baptism to the Passover mentioned in John 2:13. John and Andrews were the disciples of John, the Baptist. This phase includes five persons following Jesus (including John and Andrews) and the first miracle of Jesus, to turn the water into wine at Cana in Galilee (Jn. 1:35 - 2:11).

#### 2. Second Phase

The first Passover followed by the beginning of Jesus' ministry, he visited Jerusalem Temple. We see the cleansing of the temple (Jn. 2:13-22). Then he left Judea and met Samaritan Woman, on his way to Galilee (Jn. 4:1-42). After John, the Baptist was imprisoned, Jesus began his ministry with strong conviction and power (Mt.

ച്ചതും (മത്താ. 10:1-14, മർക്കൊ. 3:13-19). യേശു തന്റെ സുപ്രസിദ്ധമായ ഗിരിപ്രഭാഷണം (മത്താ. 5-6) നിർവ്വഹിച്ചതും ഈ കാലഘട്ടത്തിലാണ്.

**മൂന്നാംഘട്ടം:** യേശു തന്റെ പരസ്യശുശ്രൂഷ കാലത്തെ രണ്ടാം പെസഹയ്ക്ക് യെരുശലേമിലേക്ക് പോയി. അവിടെ വച്ച് ബേഥേസ്ദാ കുളക്കരയിൽ കിടന്ന രോഗിയെ സൗഖ്യമാക്കി (യോഹ. 5:1-18). വീണ്ടും ഗലീലയിലേക്കു മടങ്ങി പ്രവർത്തനം തുടർന്നു. യേശു നിരന്തരമായ ശുശ്രൂഷയിൽ ഏർപ്പെട്ടതും നിരവധി അത്ഭുതങ്ങൾ പ്രവർത്തിച്ചതും ഈ കാലഘട്ടത്തിലത്രേ. യേശുവിന്റെ ശുശ്രൂഷയെ സംബന്ധിച്ച് അറിയുന്നതിന് അന്വേഷക സംഘങ്ങളെ യെഹൂദാ നേതാക്കൾ ഗലീലയിലേക്ക് അയച്ചതും ഈ കാലത്താണ്.

**നാലാംഘട്ടം :** മൂന്നാം പെസഹായോടു കൂടിയാണ് ശുശ്രൂഷയുടെ നാലാംഘട്ടം ആരംഭിക്കുന്നത്. യോഹന്നാൻ 6:4 ൽ പറഞ്ഞിരിക്കുന്ന പെസഹയ്ക്ക് യേശു യെരുശലേമിലേക്ക് പോയില്ല. ഈ കാലയളവിന്റെ പ്രാരംഭത്തിൽ യേശുവിന്റെ ശുശ്രൂഷ സോർ, സീദോൻ, ഗലീല എന്നീ സ്ഥലങ്ങളിലായിരുന്നു. സോർ, സീദോൻ പ്രദേശങ്ങളിൽ ആയിരിക്കുമ്പോഴാണ് കനാന്യസ്ത്രീയുടെ മകളെ സൗഖ്യമാക്കുന്നത് (മത്താ. 15:21-28). ഗലീലായിലെ ശുശ്രൂഷയിലാണ് ബെത് സെയിദയിലെ കുരുടനെ സുഖപ്പെടുത്തുന്നതും (മർക്കൊ. 8:22-26) മലയിൽ വച്ച് യേശുവിന് രൂപാന്തരം സംഭവിക്കുന്നതും (മത്താ. 17:1-8, മർക്കൊ. 9:1-7, ലൂക്കൊ. 9:28-36). ഗലീലയിൽ നിന്ന് ശമര്യവഴി യേശു യെഹൂദയിലേക്ക് പോകുന്നു (ലൂക്കൊ. 9:51-56). യാത്രാമദ്ധ്യേ 10 കുഷ്ഠരോഗികളെ സൗഖ്യമാക്കുന്നു (ലൂക്കൊ.17:11-19). യെഹൂദ്യ, സിറിയ പ്രദേശങ്ങളിൽ ആയിരിക്കുമ്പോൾ 70 ശിഷ്യന്മാരെ പ്രവർത്തനത്തിനയയ്ക്കുന്നു (ലൂക്കൊ. 10:1-10). സിറിയയിൽ ആയിരിക്കുമ്പോൾ ലാസർ

4:12-25; Mk. 1:14-20). Two major events occur during this period. They are, the calling of apostles (Mt. 10:1-14, Mk.3:13-19), and the Sermon on the Mount (Mt. 5-6)

### 3. Third Phase

Jesus in his public ministry, during second Passover, went to Jerusalem and healed the person who had been waiting near the pond named Bedestha (Jn. 5:1-18). Jesus again returned to Galilee and began ministry there. He ministered continually and did many miracles during this phase. Jewish leaders sent investigators to spy on Jesus' work during this time.

### 4. Fourth Phase

Jesus' fourth phase of ministry starts during the third Passover. Jesus did not return to Jerusalem after this Passover (Jn. 6:4). In the initial time of this phase, Jesus did ministry at Tyre, Sidon and Galilee. He healed the daughter of Canaanite woman, when he was ministering at Tyre and Sidon (Mt. 15:21-28). He healed the blind at Bethsaida during his ministry at Galilee (Mk. 8:22-26). We see Jesus was transfigured at mountain (Mt. 17:1-8; Mk. 9:1-7; Lk. 9:28-36). Then he went to Judea via Samaritan (Lk. 9:51-56). On his way, he healed 10 lepers (Lk. 17:11-19). He sent seventy disciples for ministry when he was at Judea and Syria (Lk. 10:1-10). When he was at

രോഗിയാകുന്നു. പിന്നീട് ലാസറിനെ ഉയിർപ്പിക്കുന്നു (യോഹ. 10:40-11:46). തന്റെ ശുശ്രൂഷയുടെ അവസാന ഘട്ടത്തിൽ യേശു കഴുതക്കുട്ടിപ്പുറത്ത് യെരുശലേമിൽ പ്രവേശിക്കുന്നു (മത്താ. 21:1-11; മർക്കൊ. 11:1-11; ലൂക്കൊ. 19:29-44).

യേശുക്രിസ്തുവിന്റെ മഹത്വകരമായ പരസ്യശുശ്രൂഷയിൽ തന്റെ സ്നേഹം, കരുണ, വിശുദ്ധി, താഴ്മ, പരിശുദ്ധാത്മ നിറവ് എന്നിവയാണ് വെളിപ്പെട്ടത്. യേശുവിന്റെ ഈ ദിവ്യസ്വഭാവം നമ്മുടെ പ്രവൃത്തിയിലും വെളിപ്പെടേണ്ടതിനായി സമർപ്പിക്കാം.

Syria, Lazarus became ill, and later Jesus raised him from death (Jn. 10:40 - 11:46). In the end time of his ministry, Jesus enters into Jerusalem on a colt (Mt. 21:1-11; Mk.11:1-11; Lk. 19:29-44). Jesus' ministry was glorious and he revealed his love, compassion, holiness, humility and all he did with the Holy Spirit. Let us submit ourselves so that Jesus' divine nature will be reflected in our activities.

## പ്രവൃത്തി പരിചയം / Activity

1. അപ്പോസ്തലന്മാരുടെ പേരുകൾ എഴുതുക / Write the names of Apostles




2. യേശുവിന്റെ പരസ്യ ശുശ്രൂഷ നിർവ്വഹിക്കപ്പെട്ട പ്രദേശങ്ങൾ പാലസ്തീന്റെ പടം വരച്ച് അടയാളപ്പെടുത്തുക. / Draw the picture of Palestine and point out the places of Jesus' ministry?

4. യേശുക്രിസ്തുവിന്റെ പരസ്യശുശ്രൂഷയിലെ സംഭവങ്ങളുടെയും നടന്ന സ്ഥലങ്ങളുടെയും ചാർട്ട് തയ്യാറാക്കുക

Prepare a chart over major events and places of Jesus' ministry.

| യേശുക്രിസ്തുവിന്റെ പരസ്യശുശ്രൂഷയുടെ ഘട്ടങ്ങൾ<br>Phases ofJesus' Public Ministry | പ്രധാന സംഭവങ്ങൾ<br>Major events | നടന്ന സ്ഥലം<br>Places |
|---|---|---|
| ഒന്നാംഘട്ടം<br>First Phase | | |
| രണ്ടാംഘട്ടം<br>Second Phase | | |
| മൂന്നാംഘട്ടം<br>Third Phase | | |
| നാലാംഘട്ടം<br>Fourth Phase | | |